TUESDAY 04.06.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/06/2024

1. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്ന് തെങ്ങിൻ തൈ ഇനങ്ങൾ ആയ പശ്ചിമ തീര നെടിയൻ (വെസ്റ്റ് കോസ്ററ് ടാൾ), കോമാടൻ എന്നിവയുടെയും T X D സങ്കര ഇനങ്ങളായ കേരശങ്കര, കേരഗംഗ എന്നിവയുടെയും തൈകൾ വിപണനത്തിന് ലഭ്യമാണ്. എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 9 മുതൽ വൈകിട്ട് 4 മണി വരെ തൈകൾ വാങ്ങാവുന്നതാണ്. കോമാടൻ 130 രൂപ, വെസ്റ്റ് കോസ്ററ് ടാൾ 120 രൂപ, സങ്കര ഇനങ്ങൾ 325 രൂപ എന്നിങ്ങനെയാണ് തൈകളുടെ വില. കൂടുതൽ വിവരങ്ങൾക്ക് 0471 2383572 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കോഴിക്കോട് കക്കോടി കൃഷിഭവനിൽ സബ്സിഡി നിരക്കിൽ W C T (കുറ്റ്യാടി) ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ വിതരണത്തിന് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383471813 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വൃക്ഷവത്കരണത്തിനായി വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യും. വിവിധ ഇനത്തിൽപ്പെട്ട ചന്ദനം, നെല്ലി, ഉങ്ങ്, നീർമരുത്, മണിമരുത്, താന്നി തുടങ്ങിയ വൃക്ഷത്തൈകൾ ജൂൺ അഞ്ച് മുതൽ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവക്കാണ് നൽകുക. ലോകപരിസ്ഥിതി ദിനമായ ജൂൺ അഞ്ച് മുതൽ വനമഹോത്സവം അവസാനിക്കുന്ന ജൂലായ് ഏഴ് വരെയാണ് വൃക്ഷവത്കരണം നടത്തുന്നത്. കൽപ്പറ്റ ചുഴലി ജില്ലാ സ്ഥിരം നഴ്സറിയിലാണ് വിതരണം ചെയ്യാൻ തൈകൾ തയ്യാറാക്കിയിട്ടുള്ളത്. വിശദവിവരങ്ങൾക്ക് കൽപ്പറ്റ സാമൂഹ്യ വനവത്കരണ വിഭാഗം റെയിഞ്ച് ഓഫീസുമായോ സോഷ്യൽ ഫോറസ്ട്രി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡിവിഷൻ ഓഫീസുമായോ ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ- 04936 202623, 8547603848, 8547603847.

4. കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** എന്ന വിഷയത്തിൽ സൗജന്യ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) സംഘടിപ്പിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 20. രജിസ്റ്റർ ചെയ്യുന്നതിനായി www.celkau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, celkau@gmail.in എന്ന ഇമെയിൽ വിലാസത്തിലോ 8547837256, 9497353389, 0487 2438567

5. കേരള കാർഷിക സർവകലാശാല സെന്റർ ഫോർ ഇ- ലേണിംഗ് **"Plant Propagation and Nursery Management"** എന്ന വിഷയത്തിൽ ആറുമാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ജൂൺ മാസം 24 മുതൽ ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 23. രജിസ്ട്രേഷന് www.celkau.in എന്ന വെബ്സൈറ്റ് മുഖേനയോ, celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക .

6. കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും സ്ഥാപനങ്ങൾക്കും അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഗ്രാഫ്റ്റുകൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഹെഡ് ഓഫീസ്, കൊല്ലം : 0474 2760456 കോ-ഓർഡിനേറ്റർ (സൗത്ത്) : 94960 46000, കോ-ഓർഡിനേറ്റർ (നോർത്ത്) : 94960 47000 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

7. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് പരിശീലനം നടത്തുന്നു. 2024 ജൂൺ 12-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചാണ് പരിശീലനം. കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനം ചെയ്യും. റബ്ബർതോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനുള്ള മാർഗ്ഗമാണ് തേനീച്ചവളർത്തൽ. ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ തേനീച്ചവളർത്തലിൽനിന്ന് മെച്ചപ്പെട്ട വരുമാനം നേടാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

8. **മൃഗസംരക്ഷണ നിർദ്ദേശങ്ങൾ - അരുമകളുടെ മഴക്കാലരോഗങ്ങൾ**

വർദ്ധിച്ച ഈർപ്പം, നനവ്. പരാദങ്ങളുടെയും അണുബാധ കളുടെയും വ്യാപനം എന്നിവ മൂലം മൺസൂൺ കാലത്തു നായ്ക്കൾക്കും പൂച്ചകൾക്കും പലതരം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാം. ചർമ അണുബാധ, ചെവിയിലെ അണുബാധ, ബാഹ്യപരാദശല്യം, എലിപ്പനി എന്നീ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മൃഗങ്ങളിൽ ശുചിത്വം ഉറപ്പാക്കി, ഏതെങ്കിലും ആരോഗ്യപ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും പ്രതിരോധകുത്തിവയ്പുകൾ കാലികമായി എടുക്കുകയും പതിവ് പരിശോധനകൾ നടത്തുകയും ചെയ്യുക.